# നമ്മുടെ നാടിന്റെ വികസന പ്രശ്നങ്ങൾ

രാധ. എം. നായർ

സാമ്പത്തികപ്രശ്നങ്ങളും അതിനോടനുബന്ധമായ വികസനരേഖകളും അവയ്ക്കുള്ള പരിഹാരം നിർദ്ദേശിക്കുന്നതും പ്രവർത്തനമേഖല ആ വഴിക്ക് തിരിച്ച് വിടുന്നതും മനുഷ്യവംശത്തോളം പഴക്കമുള്ള പ്രക്രിയകളാണ്. രാഷ്ട്രീയപ്രേരണ മൂലം ഭാരതത്തിലെ പ്രത്യേകിച്ച് കേരളത്തിലെ സാമ്പത്തിക ചിന്ത പൊതുവെ രാഷ്ട്രീയ സ്വഭാവമുള്ളതായി മാറിയിട്ടുണ്ട്. ഭൗതികതയേക്കാളുപരി ധാർമ്മികതയ്ക്ക് ചിലസമയത്ത് ചിലയിടങ്ങളിലെല്ലാം മുൻതൂക്കം നൽകിയാണ് പ്രവർത്തനമേഖല പുരോഗമിച്ചുകൊണ്ടിരുന്നത്. പ്രത്യേക പഠനം അർഹിക്കുന്ന വളരെ വളരെ പ്രത്യേകതകൾ നമ്മുടെ ചിന്താ ശകലങ്ങളിൽ ഉടലെടുക്കാനുള്ള സാഹചര്യവും അതുണ്ടാക്കി. ഫലമോ? നാമിന്നും വികസ്വരരാഷ്ട്രമായി തുടരുന്നു എന്നതു തന്നെ.

കാർഷിക വ്യാവസായിക സേവന മേഖലകളടങ്ങുന്ന ഒരു ബൃഹത് പദ്ധതിക്ക് ഓരോന്നിനും തനതായ പ്രാധാന്യം നൽകി പടുത്തുയർത്താൻ ഉള്ള വെമ്പലിൽ നാമിപ്പോഴും പരാജയപ്പെടുന്നു എന്നത് പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് കുതിച്ചുയരാൻ തീവ്രയത്നം ചെയ്തിട്ടും അടിസ്ഥാനപരമായി അധഃപതനത്തിന്റെ ചെറിയ ഒരംശമെങ്കിലും അവയ്ക്ക് തടസ്സമായി ഇന്നും പ്രവർത്തിക്കുന്നു. ആരേയും ഇതിൽ അമിതമായി കുറ്റപ്പെടുത്തേണ്ടതില്ലെങ്കിലും ഒരു പരിധി വരെയെങ്കിലും കുറ്റബോധം ഏറ്റെടുക്കേണ്ടവരാണ് നമ്മൾ.

രാഷ്ട്രീയ അതിപ്രസരമുള്ള ഒരു ചുറ്റുപാടിൽ മത്സരരംഗമായി മാറുന്ന പൊതുവേദികൾ ജനായത്തരീതികളായവലംബിച്ച് തീരുമാനമെടുക്കുമ്പോൾ അമൂല്യചിന്തകളുടെ ധാർമ്മിക വേദിയാകുന്ന പ്രവർത്തന മണ്ഡലത്തിലാണ് നാം പാളിപ്പോയിട്ടുള്ളത്. ഇതെത്ര കാലം തുടരുന്നുവോ അത്രയും കാലം നാം വിഭാവനം ചെയ്യുന്ന വികസനലക്ഷ്യം-ഗ്രാമസ്വരാജ്-കൈ വരിക്കാൻ നാം കാത്തിരിക്കേണ്ടി വരും.

കാർഷിക മേഖല നേരിടുന്ന പ്രധാനപ്രശ്നങ്ങളായ പ്രചരണ തൊഴിലില്ലായ്മ, കൃഷി മേലുള്ള അമിതാശ്രിതത്വം, സാങ്കേതികത്വത്തിന്റെ അപര്യാപ്തത, തൊഴിലില്ലായ്മ എന്നിവക്ക് ജനസംഖ്യാ നിയന്ത്രണം, ചെറുകിടവ്യവസായ പുരോഗമനം, തീവ്രയത്നവികസന പരിപാടികൾ എന്നിവ പ്രായോഗികമാക്കാവുന്നതാണ്. വ്യാവസായിക മേഖലയെ തളർത്തുന്ന മൂലധനക്കുറവ്, വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം, ഊർജ്ജ ദൗർലഭ്യം, തൊഴിൽ കുഴപ്പം ഇവയ്ക്ക് അറുതി വരുത്താതെ നമുക്കെങ്ങനെ വളർച്ച കൈവരിക്കാനാകും?

സ്വയം ഉണർന്ന് സ്വയം ശ്രമിച്ച് യുവതലമുറക്ക് അന്തിമലക്ഷ്യമായ വികസിത ലക്ഷ്യമാണെന്ന രാഷ്ട്രീയ തത്വം പ്രാവർത്തികമാക്കണമെങ്കിൽ രാഷ്ട്രീയാതിപ്രസരത്തിന്റെ പിടിയിൽ നിന്നും നാം വിമുക്തരാകണം. ബോധവൽക്കരണത്തോടൊപ്പമുള്ള പുരോഗമനപദ്ധതികൾക്കൊപ്പം പതറാതെ മനശ്ശക്തിയും, യുക്തിചിന്താ ഗതികളും കൈമുതലായുള്ള യുവതലമുറയാണിവിടെ വേണ്ടത്. വാഗ്ധോരണിയുള്ള പ്രസംഗങ്ങളോ വാഗ്ദാനങ്ങളോ പരദൂഷണങ്ങളോ അല്ല സ്ഥിര ചിത്തതയോടെയുള്ള പ്രശ്നപരിഹാര പ്രവർത്തനങ്ങൾ. അതിൽ രാഷ്ട്രീയത്തിന് അർഹിക്കുന്ന സ്വല്പം സ്ഥാനമേ കൊടുക്കാവൂ. ആദ്യം മനുഷ്യൻ മനുഷ്യനാണ്. മതം, രാഷ്ട്രീയം എന്നിവ അവന്റെ കൃതികളാണ്. നന്മയിലേക്ക് അവ നയിക്കണമെങ്കിൽ നാം വിജയിക്കും.

വ്യക്തി സ്വാതന്ത്ര്യത്തെ തളച്ചിടുന്ന ഏത് രാഷ്ട്രീയ സംഘടനയും സാമൂഹ്യസംഘടനയും താൽക്കാലിക വിജയം നേടുമെങ്കിലും അന്തിമലക്ഷ്യം നേടിയെടുക്കുന്നതിൽ പരാജയപ്പെടുമെന്ന് ജനായത്ത രാഷ്ട്രമായ ഇന്ത്യയിൽ പലവുരു തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. സ്ഥിരതയുള്ള ഭരണം കാഴ്ച വെക്കാൻ ഈ ഒരൊറ്റ കാരണത്താൽ നാം തോറ്റു പോകുന്നു. ഒരൊറ്റ ജനതയും ചൂഷണവർഗ്ഗക്കാരാകാതിരിക്കണമെങ്കിൽ നാളെ ഉണർന്ന് പ്രവർത്തിച്ചേ പറ്റൂ. ഇനിയും തെറ്റിലേക്ക് വഴുതി വീഴാതിരിക്കാൻ നമ്മുടെ സാമൂഹ്യ സാമ്പത്തിക നയങ്ങൾ, അവസര സമത്വം എന്നിവ മുന്നിൽ കണ്ടു കൊണ്ടുള്ളതാകണം. അൽപ്പം ദീർഘവീക്ഷണവും നമുക്കുണ്ടാകുന്നത് നല്ലതാണ്. അതി വിദൂര വീക്ഷണമല്ലെങ്കിലും, ഗാന്ധിയൻ തത്വങ്ങൾ കുറച്ചൊക്കെ തത്വമാക്കിക്കൊണ്ടിരിക്കുന്ന കേരളം സ്ഥിര ചിത്തതയുള്ള യുവതലമുറയുടെ അടി പതറാത്ത തത്വ ദീക്ഷകളും പ്രവർത്തന ശൈലിയുമായി മുന്നേറുകയാണെങ്കിൽ മറ്റുള്ള സംസ്ഥാനങ്ങൾക്ക് മാതൃകയാകും. പ്രത്യേകിച്ച് ഈ സ്ത്രീശക്തി വർഷത്തിൽ നൂതന പ്രക്രിയകൾ ഉൾക്കൊണ്ടു കൊണ്ട് പുരോഗമനപ്രക്രിയയിൽ പങ്കാളികളാകുന്ന ഓരോ സ്ത്രീയ്ക്കും പുരുഷന്മാരോടൊപ്പം അഭിമാനിക്കാം - നാം ഭാരത-കേരള ശില്പികളാണെന്ന്.